LIBRARY ARCHIVES Kerala Legislative Assembly

ആർ.എം.എസ്. എ യുടെ ഭാഗമായി ഹൈസ്കൂളായി ഉയർത്തിയ യു.പി. സ്കൂളുകൾ

75 (7042) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർ.എം.എസ്.എ.യുടെ ഭാഗമായി ഏതെല്ലാം യു.പി. സ്കൂളുകളെ ഹൈസ്കൂളായി ഉയർത്തി എന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത സ്കൂളുകളുടെ പശ്ചാത്തല വികസനത്തിന് ആർ.എം. എസ്.എ.യുടെ ഫണ്ട് അനുവദിക്കുന്നതിന് വ്യവസ്ഥയുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) 2009-10 വർഷം 60 സ്കൂളുകൾ, 2010-11 വർഷം 36 സ്കൂളുകൾ, 2011-12 വർഷം 16 സ്കൂളുകളാണ് ആർ.എം.എസ്.എ പദ്ധതിയിൽ ഉൾപ്പെടുത്തി ഇതുവരെ ഹൈസ്കൂളുകളായി ഉയർത്തിയത്. സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി) ഈ സ്കൂളുകളുടെ കെട്ടിടനിർമ്മാണത്തിന് സ്കൂൾ ഒന്നിന് 58.12 ലക്ഷം രൂപയാണ് കേന്ദ്ര മാനവ വിഭവ ശേഷി മന്ത്രാലയം അനുവദിച്ചിട്ടുള്ളത്. സർക്കാർ ഉത്തരവ് (കൈയെഴുത്ത്) നമ്പർ 238/2010/പൊ.വി.വ. തീയതി 16-11-2010 മുഖേന അപ്ഗ്രേഡ് ചെയ്ത 4 ജില്ലകളിലെ 60 സ്കൂളുകൾക്കുള്ള കെട്ടിടനിർമ്മാണത്തിനുള്ള ഫണ്ട് ഇതിനകം ആർ.എം.എസ്.എ വഴി നൽകിയിട്ടുണ്ട് 57 സ്കൂളുകൾക്ക് 40 ലക്ഷം രൂപ വീതവും 3 സ്കൂളുകൾക്ക് 20 ലക്ഷംരൂപ വീതവും ആണ് നൽകിയിട്ടുള്ളത്. കെട്ടിടനിർമ്മാണത്തിനുള്ള ഫണ്ട് ബന്ധപ്പെട്ട ജില്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റികൾക്കുമാണ് നൽകിയിട്ടുള്ളത്. കേന്ദ്ര ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ബാക്കി സ്കൂളുകളുടെ കെട്ടിട നിർമ്മാണത്തിനുള്ള ഫണ്ട് നൽകുന്നതാണ്.

ആർ.എം.എസ്.എ പദ്ധതി പ്രകാരമുള്ള ഹൈസ്കൂളുകളുടെ അടിസ്ഥാന സൗകര്യവികസനം

76 (7043) ശ്രീ. മാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർ.എം.എസ്.എ. പദ്ധതി പ്രകാരം ഇതുവരെ എത്ര ഹൈസ്കൂളുകളാണ് അനുവദിച്ചിട്ടുള്ളത് ; ഇവയുടെ പേര് ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ബി) ആർ.എം.എസ്.എ. പദ്ധതി പ്രകാരം യു.പി. സ്കൂൾ ഹൈസ്കൂൾ ആക്കിയതുമൂലം പല സർക്കാർ സ്കൂളുകളും സ്ഥലപരിമിതിമൂലം ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.